# സൈബർ ഭാവുകത്വം: ഉത്തരാധുനിക മലയാള ചെറുകഥയിൽ

ഡോ.എം.ബി. റോസ് റാണി


<u>സംഗ്രഹം</u>

വിഭിന്നങ്ങളായ രചനാവഴികൾ പരീക്ഷിച്ചുകൊണ്ടാണ് മലയാള ചെറുകഥയുടെ ഉത്തരാധുനിക ഘട്ടം രൂപം കൊള്ളുന്നത്. പൊതുസമൂഹത്തോട് എക്കാലത്തും ആഴമേറിയ സംവാദങ്ങൾ നടത്തിയിട്ടുള്ള സാഹിത്യരൂപം എന്ന നിലയിൽ ഏതു പുതിയ പ്രത്യയശാസ്ത്രസമീപനങ്ങളെയും സാങ്കേതികതയേയും ഉൾക്കൊള്ളാനാകും വിധമുള്ള ഒരു വ്യാവഹാരികമാതൃകയായി ഇന്നു ചെറുകഥ മാറിയിട്ടുണ്ട്. സാങ്കേതികതയുടെ പിൻബലത്തോടെ രൂപപ്പെട്ട ഉത്തരാധുനിക മലയാള ചെറുകഥയുടെ ചരിത്ര സന്ദർഭങ്ങൾ വായനയുടെയും എഴുത്തിന്റെയും ഇടങ്ങളിൽ നവീന കാഴ്ചപ്പാടുകൾ സൃഷ്ടിച്ചിരിക്കുന്നു. വിവരസാങ്കേതിക വിദ്യയും സാഹിത്യവും ഒരു പ്രത്യേക വിനിമയാന്തരീക്ഷം സൃഷ്ടിച്ചപ്പോൾ വർത്തമാനകാല സാഹിത്യമെന്നത് ഇലക്ട്രോണിക് അനുബന്ധവിഷയങ്ങളും ചരിത്രസംസ്കാരങ്ങളും കൂടിച്ചേർന്ന ഒരു വിശാലഭൂമികയായി പരിണമിച്ചു. വർത്തമാനകാല സാഹിത്യപഠനമെന്നത് സൈബർ സാഹിത്യത്തിന്റെ പഠനം കൂടിയാകുന്നത് അങ്ങനെയാണ്.

വിവരസാങ്കേതിക വിദ്യയുടെ വ്യാപനം സൃഷ്ടിച്ച പ്രതീതിയാഥാർത്ഥ്യവും (Virtual reality) അവ രൂപപ്പെടുത്തിയ അനുഭവ ലോകത്തിന്റെ സൃഷ്ടിയും മലയാള ചെറുകഥാസാഹിത്യത്തിൽ എങ്ങനെ വിന്യസിക്കപ്പെട്ടിരിക്കുന്നു എന്നും അത് സാഹിത്യസാംസ്കാരിക മണ്ഡലങ്ങളെ എങ്ങനെ സ്വാധീനിച്ചിരിക്കുന്നു എന്നും ഈ പഠനം അന്വേഷിക്കുന്നു.

രണ്ടു തരത്തിലുള്ള കഥകളെയാണ് ഇവിടെ പഠനവിധേയമാക്കിയിരിക്കുന്നത്. ഒന്ന് സൈബർ വിഷയങ്ങൾ ഉള്ളടക്കുന്ന കഥകളെക്കുറിച്ചുള്ള പഠനവും മറ്റൊന്ന് സൈബറിടങ്ങളിൽ പ്രത്യക്ഷപ്പെടുന്ന കഥകളെക്കുറിച്ചുള്ള പഠനവും. ആദ്യ വിഭാഗത്തിലെ പഠനങ്ങൾക്ക് ഉത്തരാധുനിക എഴുത്തുകാരുടെ സൈബർ പ്രമേയങ്ങളുള്ള കഥകളെയും രണ്ടാ

മത്തെ വിഭാഗത്തിലെ പഠനങ്ങൾക്ക് സൈബറിടത്തിലെ ബ്ലോഗുകളിൽ പ്രസിദ്ധീകൃതങ്ങളായ കഥകളെയും പഠനവിധേയമാക്കിയിരിക്കുന്നു.

സൈബർ സംസ്കാരം എന്നതുകൊണ്ട് വിവക്ഷിക്കുന്നത് ഒരു നിശ്ചിത ആശയമല്ല. പല തരത്തിലുള്ള ആശയ പ്രചാരണം, വിനോദം, എന്നിവയുൾക്കൊള്ളുന്ന സോഷ്യൽ നെറ്റുവർക്കുകൾ, ഗയിമുകൾ, ചാറ്റ്, യൂസ് നെറ്റ്, ബുള്ളറ്റിൻ, ബോഡ് സിസ്റ്റങ്ങൾ, ഇ-കോമേഴ്സ്, സൈബർ സെക്സ്, വെർച്വൽവേൾഡ് തുടങ്ങി ഒരേ സമയം പലരുടേയു ഭാഗഭാഗിത്വം ഉണ്ടാക്കുന്ന എല്ലാ വിവരസാങ്കേതിക വ്യവഹാരങ്ങളെയും സൈബർ സംസ്കാരത്തിനു കീഴിൽ അടയാളപ്പെടുത്താവുന്നതാണ്. ഇങ്ങനെ ഉരുവം കൊണ്ട ഒരു നവമാധ്യമ സംസ്കാരം മലയാളിയും മലയാളവും ഏറ്റെടുത്തതോടെ ഇന്റർനെറ്റിൽ മലയാളഭാഷയ്ക്ക് സ്വീകാര്യതയുണ്ടായി. ഇതേയവസരത്തിൽ തന്നെ സൈബർ എഴുത്തിനു സൗകര്യപ്രദമാംവിധം മലയാളം സോഫ്റ്റ്വെയറുകൾ നിർമ്മിക്കപ്പെടുകയും മലയാളം ഫോണ്ടുകൾ കമ്പ്യൂട്ടർ രീതിക്കനുസൃതമായി രൂപപ്പെടുത്തി സംവിധാനം ചെയ്യുകയും ചെയ്തത് സൈബർ സാഹിത്യത്തിന്റ വളർച്ചയ്ക്കും പ്രചാരണത്തിനും സഹായകമായി.

ലിഖിത രൂപങ്ങൾ സാങ്കേതികതയ്ക്ക് വഴിമാറിയപ്പോൾ എഴുത്ത്, പുസ്തകം, അച്ചടി, പ്രസാധനം, വിതരണം, പകർപ്പകാശം തുടങ്ങിയ സാങ്കേതികതകളിൽ നിന്ന് സാഹിത്യ നിർമ്മതി സ്വതന്ത്രമാവുകയും ഒരു നവ എഴുത്തുസംസ്കാരം ഉരൂവം കൊള്ളുകയും ചെയ്തു. ആയിരത്തിത്തൊള്ളായിരത്തിത്തൊണ്ണൂറുകളോടെ സംഭവിച്ച ഈ പരിവർത്തനം സൈബറിടത്തിന്റെ സാമൂഹ്യപ്രസക്തിക്കു വഴിയൊരുക്കി.

തൊഴിൽ മേഖലയിലേയ്ക്കുള്ള കമ്പ്യൂട്ടറിന്റെ കടന്നുകയറ്റം, മനുഷ്യവിഭവശേഷിക്കു നേരിടേണ്ടിവരുന്ന വെല്ലുവിളികൾ എന്നിവയെ ഭയാശങ്കകളോടെയാണ് ആദ്യകാല സൈബർ കഥകൾ വീക്ഷിച്ചത്. പില്ക്കാലത്ത് അവ യഥാർത്ഥ ഭൗതിക ജീവിതത്തിന്റെ മറുപുറമായി സൈബർ കഥകളിൽ വീക്ഷിക്കപ്പെട്ടു.

ടി.വി. കൊച്ചുബാവയുടെ കൊക്കരണി, സേതുവിന്റെ തിങ്കളാഴ്ചകളിലെ ആകാശം, മറ്റൊരു ഡോട്ട് കോം സന്ധ്യയിൽ, അടയാള വാക്യ

ങ്ങൾ, ചന്ദ്രമതിയുടെ ഒരു പലക മനുഷ്യന്റെ സങ്കടങ്ങൾ, വെബ്സൈറ്റ്, സുനന്ദന്റെ വെള്ളിനേഴി ഡോട്ട് കോം, വി. വിനയകുമാറിന്റെ കാശ്മീരി അംബ്രി, ബി. മുരളിയുടെ ചാറ്റൽ മഴയിലെ ഏകാകി, വിനു എബ്രഹ മിന്റെ ചില പ്രീമോഡേൺ ഇടപെടലുകൾ, നന്ദകുമാറിന്റെ വാർത്താളി: സൈബർ സ്പേസിൽ ഒരു പ്രണയനാടകം, സി. രാധാകൃഷ്ണന്റെ ടോട്ടൽ ലൈഫ് പ്രോഗ്രാമിനും അപ്പുറം, സന്തോഷ് ഏച്ചിക്കാനത്തിന്റെ ക്രീഡാ ലോലം തുടങ്ങിയവ ശ്രദ്ധേയങ്ങളായ സൈബർ കഥകളാണ്.

സത്യാസത്യങ്ങൾക്കും പ്രത്യക്ഷപരോക്ഷങ്ങൾക്കും അതിർവരമ്പു കളില്ലാതായിപ്പോകുന്ന വിഭ്രമാത്മകാവസ്ഥയെ പല സൈബർ കഥകളും പ്രശ്നവൽക്കരിക്കുന്നു. ഭൗതികജീവിത സംസ്കൃതിയിലുണ്ടായിരിക്കുന്ന അത്ഭുതകരമായ പരിവർത്തനങ്ങളെയും അതിനെതിരെ സമൂഹം ജാഗ രൂകരാകേണ്ടതിന്റെ ആവശ്യകതയും സൈബർകഥകൾ ചൂണ്ടിക്കാണി ക്കുന്നു. ആഖ്യാനത്തിന്റെ അടരുകളിലെല്ലാം പുതുമനിലനിർത്തുന്ന സൈബർ കഥകൾ സൈബർ ലോകത്തിന്റെ യുക്തിയെ അനാവരണം ചെയ്യുകയും ഭൗതിക ലോകത്തിന്റെ യുക്തിയെ പുനർ നിർണ്ണയിക്കു കയും ചെയ്യുന്നു. ആധുനിക മനുഷ്യന്റെ സ്വത്വപ്രതിസന്ധിയെയും സ്ത്രീപുരുഷ സങ്കല്പങ്ങളെയുംകുറിച്ച് സൈബർ കഥകൾ ചർച്ച ചെയ്യു ന്നു. പലപ്പോഴും സ്ത്രീ-പുരുഷൻ എന്ന ദ്വന്ദ്വങ്ങളില്ലാതെ തന്നെയുള്ള രതിസങ്കല്പങ്ങൾ സൈബർ കഥകളിൽ പ്രത്യക്ഷപ്പെടുന്നു. അവിടെ ശരീ രസങ്കല്പങ്ങൾ പൊളിച്ചെഴുതപ്പെടുകയോ ചിലപ്പോൾ നിരാകരിക്കപ്പെ ടുകയോ ചെയ്യുന്നു. പ്രണയം, ലൈംഗികത എന്നിവയെക്കുറിച്ചുള്ള വീക്ഷണത്തിൽ അവ പ്രതീതിയാഥാർത്ഥ്യത്തോടുമാത്രമേ നീതി പുലർത്തുന്നുള്ളു. അവ സമൂഹനിഷ്ഠമല്ല, വ്യക്തിനിഷ്ട മാത്രമാണ്, കൂടുതലും യന്ത്രാശ്രിതവുമാണ്. കല, സംസ്കാരം, ശാസ്ത്രം, സാഹി ത്യം, ജീവിത മൂല്യങ്ങൾ എന്നിവയിൽ വന്ന സാരമായ മാറ്റങ്ങളെയും സൈബർ കഥകൾ അടയാളപ്പെടുത്തുന്നു.

ദേശകാലങ്ങളെ അതിജീവിച്ചുകൊണ്ട് നിർമ്മിതമായ സൈബർ കഥകൾ ഭൗതിക ജീവിതത്തിന്റെ യഥാർത്ഥ തലത്തെ അട്ടിമറിക്കുന്നു. സൈബറിടങ്ങളിൽ പ്രത്യക്ഷപ്പെടുന്ന മനുഷ്യജീവിതങ്ങളെ അത്ഭുത ത്തോടെയും ചിലപ്പോൾ പരിഹാസത്തോടെയും മറ്റു ചിലപ്പോൾ ഭയ

പ്പാടോടെയുമാണ് എഴുത്തുകാർ വീക്ഷിക്കുന്നത്. മാനുഷിക വ്യാപാര ങ്ങളെ വാണിജ്യവൽക്കരിക്കുക എന്നതാണ് ഈ യന്ത്രസംസ്കാരത്തിന്റെ പ്രത്യേകത. സത്യമേത് മിഥ്യയേത് എന്നറിയാകാത്ത വിധം കമ്പ്യൂട്ടർ സ്ക്രീനിൽ തെളിയുന്ന നിർദ്ദേശങ്ങളും നിയമങ്ങളും അറിയാതെ പാലി ക്കപ്പെട്ടുപോവുകയാണ് ഓരോ സൈബർ പൗരനും എന്ന വീക്ഷണം സൈബർ കഥകൾ പങ്കുവയ്ക്കുന്നു. മനുഷ്യജീവിതത്തിന്റെ യുക്തിയി ലല്ല ബൗദ്ധികമായ യാന്ത്രികതയുടെ അനുഭവലോകത്തിനാണിവിടെ പ്രസക്തി.

സൈബറിടത്തിൽ വളരെയധികം ചർച്ചയ്ക്ക് വിധേയമായ ഒന്നാണ് സൈബർ സ്വത്വം. ലിംഗ പദവിയും വ്യക്തിത്വവുമെല്ലാം ഇവിടെ അന്യ വൽക്കരിക്കപ്പെടുന്നു. വിശ്വാസ്യതയിലുപരി അവിശ്വാസത്തിന്റെ ഉറപ്പി ക്കലാണ് സൈബർ ലോകത്തുള്ളത്. സ്ത്രീ കർത്തൃത്വങ്ങൾ അരക്ഷി തരാണെന്ന സൂചന പല കഥകളും മുന്നോട്ടുവയ്ക്കുന്നു. ഏകാന്തതയും വിരസതയും ഭ്രമാത്മകതയുമാണ് കഥാപാത്രങ്ങളെ നയിക്കുന്നത്. കാല ദേശ രാഷ്ട്രസങ്കല്പങ്ങളെ നിരാകരിക്കുന്ന സൈബർ കഥാലോകം ആഗോളപൗരത്വം, യന്ത്രസംസ്കാരം, വിശ്വമാനവികത എന്നീ വിഷയ ങ്ങളെ മുറുകെപ്പിടിക്കുകയും ചെയ്യുന്നു.

സൈബർ ഭാവുകത്വത്തെ അടയാളപ്പെടുത്തുന്ന മറ്റൊരു ആഖ്യാ നമേഖലയാണ് ബ്ലോഗുകഥകൾ, മലയാളം ബ്ലോഗുകഥാകാരിൽ ശ്രദ്ധി ക്കപ്പെട്ട വ്യക്തിത്വങ്ങളാണ് സിമി ഫ്രാൻസിസ്, നസ്രേത്ത്, സജിഗുപ്തൻ, പെരിങ്ങോടൻ, വി.എം. ദേവദാസ്, രാജേഷ് വർമ്മ, സജീവ് എടത്താ ടൻ, നിശാന്ത് കെ, ഇബ്രു രേഷ്മ ജന്നത്ത്, ജാലി, ബിന്ദു പുഷ്പൻ, ബാബു ജോർജ്ജ്, അതിരുങ്കൻ, മനോജ് വേങ്ങോല, ഉബൈദ്, മനോജ് പി.സി, എസ്. ജയേഷ്, റോസിലി ജോയി, നിധീഷ് തുടങ്ങിയവരുടേത്

നിരവധി സാങ്കേതികതകൾ ഉൾക്കൊള്ളുന്നവയാണ് ബ്ലോഗുകഥ കൾ. കൃത്യമായ രേഖീയമാനം ഇവ പിന്തുടരുന്നില്ല. സൈബറിടത്തിൽ രചന കഴിഞ്ഞാൽ പിന്നെ എഴുത്തുകാരൻ അപ്രസക്തനും അപ്രത്യക്ഷ നുമാണ്. വായനക്കാരന്റെ ഇംഗിതത്തിനനുസരിച്ച് എഴുത്തിനെ വിശക ലനം ചെയ്യാനും വിപുലപ്പെടുത്താനും ബ്ലോഗിൽ സാദ്ധ്യതയുണ്ട്. എഴു ത്തിൽ സാങ്കേതികതയുടെ പിൻബലമുണ്ടെങ്കിലും വരമൊഴിയിൽ പാലി

ക്കപ്പെട്ടുപോരുന്ന ഭാഷാനിയമങ്ങളൊന്നും പരിഗണിക്കാത്തതിനാൽ ബ്ലോഗുരചനയിൽ യാതൊരു ക്ലിഷ്ടതയുമില്ല. അതുകൊണ്ടുതന്നെ ബ്ലോഗു രചനകൾ കൂടുതൽ ജനകീയമാകുന്നു.

മുൻപാരമ്പര്യമില്ലാത്ത ഒരു സാഹിത്യനിർമ്മിതിയുടെ അന്തരീക്ഷ ത്തെയാണ് ബ്ലോഗുകൾ അഭിസംബോധന ചെയ്യുന്നത്. സാഹിത്യസം ബന്ധിയും അല്ലാത്തതുമായ ആശയങ്ങൾ ഉൾക്കൊള്ളുന്ന ബ്ലോഗു കഥ കൾ പൊതുമാധ്യമ സംസ്കാത്തെ അട്ടിമറിക്കുന്നു. ബ്ലോഗിന്റെ നിർമ്മാ താവിനൊപ്പം ഓരോ വായനക്കാരനും തന്റേതായ ക്രിയാത്മക ഇടപെട ലുകൾ നടത്തുമ്പോൾ അഖ്യാനവും ആസ്വാദകനും പരസ്പര പൂരക ങ്ങളാകുന്ന ഒരു സവിശേഷാനുഭവം സൃഷ്ടിക്കപ്പെടുന്നു.

പോയകാലത്തിന്റെ നന്മകൾ അയവിറക്കുന്ന ഗൃഹാതുരത്വത്തിന്റെ കഥകളും കാല്പനിക സങ്കല്പങ്ങളെ തിരിച്ചുപിടിക്കാനുള്ള ശ്രമങ്ങളു മാണ് അധികം ബ്ലോഗുകഥകളുടയും പശ്ചാത്തലം. വർത്തമാനകാല ത്തിന്റെ അനുഭവ സാക്ഷ്യങ്ങളാകുന്നതിൽ പല ബ്ലോഗുകഥകളും വിജ യിച്ചിട്ടുണ്ട് നവീനഭാഷ, യുക്തി, ജീവിവീക്ഷണം, ഗൃഹാതുരത, സാമൂ ഹികാവബോധം, രാഷ്ട്രീയാവബോധം, ചരിത്രാവബോധം, പ്രകൃതി സ്നേഹം, സ്ത്രീസുരക്ഷ, മാതൃത്വം എന്നിങ്ങനെ ബ്ലോഗുകഥകൾ സ്പർശിക്കാത്ത വിഷയങ്ങളില്ല എന്നു തന്നെ പറയാം. പ്രാന്തവൽക്കരി ക്കപ്പെട്ട വ്യക്തിത്വങ്ങളുടെ പ്രകടനവും ആശയപ്രകാശനവും ബ്ലോഗു കഥകൾക്ക് പരിസരമാകുന്നു. അതുകൊണ്ട് തന്നെ ബ്ലോഗുകഥകൾ തികച്ചും ജനകീയ സംവാദങ്ങളുമാകുന്നു.

സൈബർ കഥകളുൾക്കൊള്ളുന്ന ഭാഷ, യുക്തി, ജീവിത വീക്ഷ ണം, രാഷ്ട്രീയബോധം എന്നിവയെ വിശകലനം ചെയ്യുമ്പോൾ വർത്ത മാനകാലത്തെ സാമൂഹ്യജീവിതത്തിന്റെ എല്ലാ വ്യവഹാരങ്ങളുമായും ഇടപെട്ടുകൊണ്ടാണ് സൈബർ കഥാലോകം നിലകൊള്ളുന്നതെന്നു കാണാം. ഈയവസ്ഥാന്തരങ്ങളെല്ലാം തന്നെ ഉത്തരാധുനിക മലയാള ചെറുകഥയുടെ ഭാവുകത്വ നിർണ്ണയത്തിൽ ശ്രദ്ധേയമായ പങ്ക് വഹിച്ച വയാണ് എന്നു നിരീക്ഷിക്കാം.

********************